1981-ൽ 100 ലക്ഷം രൂപ ബോർഡിൽനിന്നും കടം എടുത്തിരുന്നു. 30-11-1997 വരെ മുതലും പലിശയും ഉൾപ്പെടെ 2,78,33,263 രൂപ തിരിച്ചടച്ചിട്ടുണ്ട്. 31-3-2003-വരെ ബോർഡിന്റെ കണക്കനുസരിച്ച് 1,78,402 രൂപ മുതലും 1,65,268 രൂപ പലിശയും പിഴ പലിശയും ഉൾപ്പെടെ ആകെ 3,43,670 രൂപ കേരള സ്റ്റേറ്റ് ഫിലിം ഡവലപ്പ്മെന്റ് കോർപ്പറേഷനിൽനിന്നും ബോർഡിന് പിരിഞ്ഞു കിട്ടാനുണ്ട്.

(2) ട്രാവൻകൂർ റയോൺസ്

1981-ൽ 90 ലക്ഷം രൂപ ട്രാവൻകൂർ റയോൺസ് ബോർഡിൽനിന്നും കടം എടുത്തിരുന്നു. 1998-99 വരെ 1,64,00,000 രൂപ തിരികെ ലഭിച്ചിട്ടുണ്ട്. 30-6-2003 വരെ ബോർഡിന്റെ കണക്കനുസരിച്ച് 5,76,16,162 രൂപ മുതലും പലിശയും പിഴ പലിശയും ഉൾപ്പെടെ ബോർഡിന് തിരിച്ചുകിട്ടാനുണ്ട്.

## തൊഴിലാളി ക്ഷേമനിധികളുടേയും സുരക്ഷാ പദ്ധതികളുടേയും പുനഃസംവിധാനം

75 [3480] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള തൊഴിലാളി ക്ഷേമനിധികളും സുരക്ഷാ പദ്ധതികളും പുനഃസംവിധാനം ചെയ്യുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) തൊഴിലാളി സാമൂഹിക സുരക്ഷാ പദ്ധതികൾ പുനഃസംവിധാനം ചെയ്യണം എന്നത് എം. ജി. പി. നിർദ്ദേശങ്ങളിൽ അടങ്ങിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്രകാരം ഒരു നിർദ്ദേശം ലഭിച്ചിട്ടില്ല.

(സി) ബാധകമല്ല.

## കർഷക തൊഴിലാളി ക്ഷേമനിധിബോർഡിൽനിന്നുള്ള ആനുകൂല്യങ്ങൾ

76 [3481] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്ന് അംഗങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നത്;

(ബി) പ്രസ്തുത ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള എത്ര തൊഴിലാളികളാണ് നിലവിലുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly